# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 18, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| <u>മറുപടി നൽകുന്ന മന്ത്രിമാർ</u> |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

<u>പി.എസ്.സി. യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം</u>

*151 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയതു പ്രകാരം ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) എല്ലാ വിജ്ഞാപനങ്ങളും ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുമോ ;

(സി) പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ വേണ്ടത്ര അവബോധം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വിദേശ കപ്പലുകള്‍ക്ക് യാത്രാനുമതി</u>

*152 ശ്രീ. ജി. എസ്. ജയലാല്‍
,, സി. ദിവാകരന്‍
,, പി. തിലോത്തമന്‍
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനാതിര്‍ത്തിയില്‍ എത്ര നോട്ടിക്കല്‍ മൈല്‍ അകലെ യാത്ര ചെയ്യാനാണ് വിദേശ കപ്പലുകള്‍ക്ക് അനുമതി നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കപ്പലുകള്‍ ഈ നിര്‍ദ്ദേശം ലംഘിച്ച സംഭവങ്ങളുണ്ടായിട്ടുണ്ടോ; എങ്കില്‍ ഇത്തരം സംഭവങ്ങളുടെ അടിസ്ഥാനത്തില്‍ സ്വീകരിക്കുന്ന നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സാഫല്യം പദ്ധതി</u>

*153 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പാവപ്പെട്ടവർക്ക് വീടു വച്ചു നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

<u>മതതീവ്രവാദം</u>

*154 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ഹംസ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർഗ്ഗിയതയും ജാതീയതയും പ്രചരിപ്പിക്കുന്ന പ്രവണത ശക്തിപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർഗ്ഗീയതയ്ക്കും ജാതീയതയ്ക്കും തീവ്രവാദത്തിനുമെതിരെ ജനങ്ങളിൽ അവബോധം വളർത്താൻ നടപടി സ്വീകരിക്കുമോ ; ഇതിനായി എന്തെങ്കിലും കർമ്മ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ചിട്ടി കമ്പനികൾ</u>

*155 ശ്രീ. പി.എ. മാധവൻ
,, കെ. അച്ചുതൻ
,, എ.റ്റി. ജോർജ്
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി സ്വകാര്യ ചിട്ടി കമ്പനികൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര ചിട്ടി ഫണ്ട് ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഇവയെ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ

*156 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) കെ.എസ്.എഫ്.ഇ.-യെ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കുറ്റാന്വേഷണത്തിന് പുതിയ സംവിധാനങ്ങൾ</u>

*157 ശ്രീ. എം. എ. വാഹീദ്
,, എം. പി. വിൻസന്റ്
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണത്തിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) കേന്ദ്ര സർക്കാരിന്റെ എന്തെല്ലാം സഹായങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ</u>

*158 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) സൈബർ മേഖലയിലെ കുറ്റകരമായ പ്രവണതകൾ ഗുരുതരമായ കുടുംബപ്രശ്നങ്ങൾക്കും ആത്മഹത്യകൾക്കും വഴിതെളിച്ചിട്ടുള്ള സാഹചര്യത്തിൽ സൈബർ പോലീസിന്റെ സേവനം വിപുലപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ട്രോളിങ് നിരോധന സമയത്തെ വിദേശക്കപ്പലുകളുടെ മത്സ്യബന്ധനം</u>

*159 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിങ് നിരോധനം സംബന്ധിച്ച് എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ട്രോളിങ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിരോധനസമയത്ത് വിദേശകപ്പലുകൾ രാജ്യത്തിന്റെ സമുദ്രാതിർത്തിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മദ്യനയം</u>

*160 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യനയം കര്‍ശനമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളില്‍ എന്തെല്ലാം കാതലായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ലഹരി വിരുദ്ധ പ്രവര്‍ത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ബാര്‍ ലൈസന്‍സ് നല്‍കുന്നതിനുള്ള വ്യവസ്ഥകളില്‍ എന്തെല്ലാം മാറ്റങ്ങള്‍ വരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

<u>ട്രാഫിക് കുറ്റകൃത്യങ്ങൾക്കുള്ള പിഴ</u>

*161 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ചുമത്തപ്പെടുന്ന പിഴ ബാങ്കിലടക്കുവാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സൗകര്യം ഏതെല്ലാം ബാങ്കുകളിലാണ് ഒരുക്കിയിട്ടുള്ളത്;

(സി) പിഴ ഒടുക്കാത്തവരെ കണ്ടുപിടിക്കുവാനും അനന്തര നടപടികൾ സ്വീകരിക്കുവാനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിൽ ഗ്രീൻ ഫീൽഡ് എയർപോർട്ട്</u>

*162 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കോടിയേരി ബാലകൃഷ്ണൻ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് സ്വകാര്യ മേഖലയിൽ ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കാൻ നടപടികളായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ എവിടെയല്ലാം എയർപോർട്ട് സ്ഥാപിക്കാൻ മുന്നോട്ടുവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; എയർപോർട്ട് പദ്ധതിക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം സ്ഥലത്ത് എത്ര ഏക്കർ ഭൂമി സ്വന്തമായി കണ്ടെത്തിയിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(സി) പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച എയർപോർട്ട് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ഏതെല്ലാം സ്വകാര്യ പദ്ധതികൾക്ക് സർക്കാർ എന്തെല്ലാം അനുമതികൾ നൽകിയിട്ടുണ്ട്;

(ഇ) എയർപോർട്ടിന് നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും സ്ഥലം സംബന്ധിച്ച് പാരിസ്ഥിതിക പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മൂന്നാംമുറ

*163 ശ്രീ. എം. ചന്ദ്രൻ
,, എം. എ. ബേബി
,, എളമരം കരീം
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്വേഷണങ്ങളുടെ ഭാഗമായി പോലീസ് കസ്റ്റഡിയിലെടുക്കുന്നവരെ പോലീസ് സ്റ്റേഷനുകളിലും പ്രത്യേകം ക്യാമ്പുകളിലും കൊണ്ടുപോയി മർദ്ദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം കേസുകളിൽ പോലിസ് കസ്റ്റഡിയിലുളളവരെ പോലീസ് മൂന്നാംമുറ പ്രയോഗിച്ചതിന്റേ ഭാഗമായി ഗുരുതരാവസ്ഥയിൽ ആശുപത്രികളിലേക്ക് മാറ്റേണ്ടി വന്നിട്ടുണ്ട്;

(സി) മൃഗീയമായ മർദ്ദനമുറകളും കളളമൊഴികളും സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ ഇത്തരത്തിൽ ഏതെല്ലാം അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ മൂന്നാംമുറ പ്രയോഗിച്ചതിന്റെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുകയുണ്ടായി ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>കേന്ദ്ര ചിട്ടി നിയമം</u>

*164 ശ്രീ. വി. ശിവൻകുട്ടി
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടി നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ ചിട്ടി നിയമം അസാധുവാക്കിക്കൊണ്ട് സുപ്രീം കോടതി ഉത്തരവിട്ടിട്ടുണ്ടോ; സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ. യുടേതുൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്ന ചിട്ടികൾ നിയമാനുസൃതമാണോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി</u>

*165 ശ്രീ. കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപയോഗപ്രദമാക്കാൻ ഉദ്ദേശിച്ച് കൂടുതൽ നടപടികൾ ആലോചിക്കുന്നുണ്ടോ ;

(ബി) കോടതി കേസുകളിൽ സൗജന്യ നിയമസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) 2011-12 -ൽ സംസ്ഥാനത്തൊട്ടാകെ എത്രപേർക്ക് നിയമസഹായം നൽകിയിട്ടുണ്ട് ;

(ഡി) തർക്കങ്ങൾ കോടതിക്കു പുറത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ ; എങ്കിൽ അത്തരം അദാലത്തുകളിൽ നിന്നും ലഭിച്ച അറിവുകൾ വിവിധ കോടതികളിൽ കെട്ടിക്കിടപ്പുളള ലക്ഷക്കണക്കിന് കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ആഗോളതാപന ഭീഷണി</u>

*166 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ
'' ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തിന്റെ ഭാഗമായി കടലിലെ ജലനിരപ്പ് ഉയരുന്നത് കേരളത്തിന് ഭാവിയിൽ വൻ ഭീഷണിയാണെന്ന് കാണിച്ച് കേന്ദ്ര സർക്കാർ ഐക്യരാഷ്ടസഭയ്ക്ക് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ തെക്കൻ കേരളം ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്ന പ്രദേശമായി ചൂണ്ടിക്കാട്ടിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനവുമായി ബന്ധപ്പെട്ട മറ്റെന്തല്ലാം കാര്യങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സർക്കാരിന്റെ ഒരു വർഷക്കാലത്തെ നേട്ടങ്ങൾ</u>

*167 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കഴിഞ്ഞ ഒരുവർഷക്കാലം നടപ്പാക്കിയ പ്രവർത്തനങ്ങൾ തുടർന്നും നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യ മേഖലയിലും, ക്ഷേമ പ്രവർത്തനങ്ങളിലും കൈവരിച്ച നേട്ടങ്ങൾ എന്നിവ വിശദമാക്കുമോ;

(സി) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പാതയോര യോഗ നിയന്ത്രണ നിയമം</u>

*168 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയന്ത്രണങ്ങൾക്ക് വിധേയമായി വഴിയോര യോഗങ്ങൾക്ക് അനുമതി നൽകിക്കൊണ്ടുള്ള 2011-ലെ കേള പബ്ലിക് വേയ്സ് (റസ്ട്രിക്ഷൻ ഓഫ് അസംബ്ലീസ് ആന്റ് പ്രൊഡക്ഷൻ) ആക്ടിലെ ചില വ്യവസ്ഥകൾ റദ്ദാക്കിക്കൊണ്ട് സുപ്രീംകോടതി നടത്തിയ പരാമർശങ്ങളുടെ പൂർണ്ണ രൂപം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് കൂടുതൽ പരിഷ്ക്കരണ നടപടികൾ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ നിലവിലുള്ള സംസ്ഥാന നിയമങ്ങളിൽ പൗരജനങ്ങളുടെ അവകാശം ഹനിക്കപ്പെടുന്ന വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും, ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും നിയമജ്ഞരുടെ ഒരു സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് കേഡറ്റ്</u>

*169 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതല്‍ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആയതിലെ അംഗങ്ങള്‍ക്ക് നിലവില്‍ ഗ്രേസ് മാര്‍ക്കോ മറ്റ് ആനുകൂല്യങ്ങളോ നല്‍കി വരുന്നുണ്ടോ;

(സി) ഇല്ലെങ്കില്‍ അവര്‍ക്ക് ഗ്രേസ് മാര്‍ക്കും ഉയര്‍ന്ന കോഴ്സുകള്‍ക്ക് അഡ്മിഷന് പരിഗണനയും നല്‍കുന്ന കാര്യം ആലോചിക്കുമോ;

(ഡി) എത്ര സ്കൂളുകളിലാണ് എസ്.പി.സി. പദ്ധതി നിലവിലുള്ളത് ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ദുരിതാശ്വാസനിധി സ്വരൂപിക്കുന്നതും അനുവദിക്കുന്നതും സംബന്ധിച്ച വ്യവസ്ഥ

*170 ശ്രീ. എസ്. രാജേന്ദ്രൻ
,, ഇ. പി. ജയരാജൻ
,, വി. ചെന്താമരാക്ഷൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതും അനുവദിക്കുന്നതും സംബന്ധിച്ച് നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ബി) ജനസമ്പർക്ക പരിപാടിയിലൂടെ യാതൊരു മാനദണ്ഡവുമില്ലാതെ ഫണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ഇത് ദുരിതാശ്വാസനിധി സ്വരൂപിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദുരിതാശ്വാസനിധി അനുവദിക്കുന്നത് സുതാര്യവും ആക്ഷേപങ്ങൾക്കിടയില്ലാതെ മാനദണ്ഡങ്ങൾക്ക് അനുസൃതമാക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി

*171 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അപകട ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇൻഷ്വറൻസ് തുക എത്രകണ്ട് വർദ്ധിപ്പിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ആദിവാസികളുടെ സമരം</u>

*172 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, എ. കെ. ബാലന്‍
,, സി. കൃഷ്ണന്‍
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂമിക്കായി സമരം ചെയ്യുന്ന ആദിവാസികള്‍ക്ക് നേരെ പോലീസിനെ ഉപയോഗിക്കാതിരിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ബി) വയനാട്ടില്‍ ഭൂമിക്കായി സമരം ചെയ്തുവരുന്ന ആദിവാസി സ്ത്രീകളെയും കുട്ടികളെയും കുടി ഒഴിപ്പിച്ച് ജയിലിലടയ്ക്കാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(സി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ഇതിനകം പോലീസ് അറസ്റ്റ് ചെയ്ത ഗര്‍ഭിണികളായ സ്ത്രീകളും കുട്ടികളും ഉള്‍പ്പെടുന്ന ആദിവാസി സമൂഹത്തില്‍പ്പെട്ടവരെത്രയാണെന്നുള്ള കണക്കുകള്‍ ലഭ്യമാണോ; ജയിലുകളില്‍ റിമാന്റില്‍ കഴിയുന്നവരെത്ര?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മാറാട് കേസിൽ സിബിഐ അന്വേഷണത്തിന് ശുപാർശ</u>

*173 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' എളമരം കരീം
'' പി.റ്റി.എ. റഹീം
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടത് ആരായിരുന്നു;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിന് ശുപാർശ നൽകുകയുണ്ടായോ;

(സി) എങ്കിൽ കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ നൽകിയ മറുപടി എന്തായിരുന്നു;

(ഡി) സിബിഐ അന്വേഷണത്തിന് ഈ സർക്കാർ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ കേസിൽ സിബിഐ അന്വേഷണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഓഫീസിന്റെ മുഖമുദ്ര സംബന്ധിച്ച വിശദാംശങ്ങള്‍</u>

*174 ശ്രീ. വി. റ്റി. ബല്‍റാം
,, ഡൊമിനിക് പ്രസന്റേഷന്‍
,, കെ. അച്ചുതന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സുതാര്യത, വ്യക്തത, സേവനസന്നദ്ധത എന്നിവ സര്‍ക്കാര്‍ ഓഫീസിന്റെ മുഖമുദ്രയാക്കുന്നതിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്;

(ബി) ഇതിനായി എല്ലാ സര്‍ക്കാര്‍ ഓഫീസുകളിലും പൊതുജനങ്ങള്‍ക്ക് വിവരങ്ങല്‍ നല്‍കുന്ന കൗണ്ടര്‍ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച് വകുപ്പ് മേധാവികള്‍ക്ക് ചീഫ് സെക്രട്ടറി കത്തെഴുതിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കത്തിലെ വിശദാംശങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന
സന്നദ്ധ സംഘടനകൾ

*175 ശ്രീമതി. ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽകുമാർ
,, സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ (എൻ. ജി. ഒ) എത്രയുണ്ടെന്ന് പറയാമോ;

(ബി) വിദേശ സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സംഘടനകളുടെ പേരും സ്ഥലവും പറയാമോ;

(സി) ഓരോ സംഘടനക്കും ലഭിക്കുന്ന വിദേശ സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വിദേശ സഹായം ലഭിക്കുന്ന പ്രസ്തുത സംഘടനകൾ സഹായം എങ്ങനെയാണ് വിനിയോഗിക്കുന്നത്;

(ഇ) ഉണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ;

(എഫ്) ഇവയെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സിയാൽ മാതൃകയിലുള്ള സംരംഭങ്ങൾ</u>

*176 ശ്രീ. കെ. രാധാകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിയാൽ മാതൃകയിൽ സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച സംരംഭങ്ങൾ ഏതെങ്കിലും നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത മാതൃകയിൽ പദ്ധതികൾക്ക് മുന്നോട്ടു വന്നിരിക്കുന്ന സ്വകാര്യസംരംഭകർ ആരൊക്കെയാണ്;ഏതെല്ലാം പദ്ധതികളെ മുൻനിർത്തിയാണ് വന്നിട്ടുള്ളത്;

(സി) സ്വകാര്യ സംരംഭകരെ കണ്ടെത്തി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച സ്കീമിന് അന്തിമ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്തിനെക്കുറിച്ച് ശാസ്ത്രീയ പഠനം</u>

*177 ശ്രീ. വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമ്പത്തിനെക്കുറിച്ച് ശാസ്ത്രീയപഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ;

(സി) പഠന വിഷയങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>തീരദേശ ചരക്കുഗതാഗതം</u>

*178 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, കെ.എം. ഷാജി
,, പി.ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്കുഗതാഗതം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന് പ്രാരംഭമായി ചരക്കുഗതാഗതം സംബന്ധിച്ച വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(സി) കൊല്ലം - കോട്ടപ്പുറം ജലപാത പൂർണ്ണമാകുമ്പോൾ അതുവഴി സാധ്യമാകുന്ന ചരക്ക് ഗതാഗതത്തിന്റെ തോത് വിവരശേഖരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി പ്രകാരം ഉപയോഗപ്പെടുത്താവുന്ന തുറമുഖങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അനധികൃത കോഴി കടത്ത്</u>

*179 ശ്രീ. എ.എം. ആരിഫ്
,, കെ. വി. വിജയദാസ്
,, കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കോഴി കടത്തുന്നത് വ്യാപകമായിരിക്കുന്ന സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം നികുതി ഇനത്തിലുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഭാഗങ്ങളിലൂടെയാണ് സംസ്ഥാനത്ത് അനധികൃതമായി കോഴി കടത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിനെ നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനങ്ങൾക്ക് കഴിയുന്നില്ലെന്ന് തോന്നുന്നുണ്ടോ;

(സി) ഒരു കിലോഗ്രാം കോഴി സംസ്ഥാനത്തേക്ക് അനധികൃതമായി കടത്തുമ്പോൾ നികുതി ഇനത്തിൽ ഖജനാവിന്റെ നഷ്ടം എത്രയാണ്;

(ഡി) 2011-12 -ൽ പ്രസ്തുത ഇനത്തിൽ ലഭിച്ച വരുമാനം എത്രയായിരുന്നു; തന്നാണ്ടിൽ പ്രതീക്ഷിക്കുന്നത് എത്ര; ഇതിനകം ലഭിച്ചത് എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

പോലീസ് വാഹനങ്ങളിലെ സണ്‍ ഫിലിം
നീക്കം ചെയ്യാന്‍ നടപടി

*180 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി.ബി. അബ്ദുള്‍ റസാക്
,, എന്‍. എ. നെല്ലിക്കുന്ന്
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മോട്ടോര്‍ വാഹനങ്ങളില്‍ കാഴ്ച മറയ്ക്കും വിധമുള്ള കറുത്ത ഗ്ലാസ്സ് ഘടിപ്പിക്കുന്നതിനെതിരെ മോട്ടോര്‍ വാഹന നിയമത്തില്‍ നിലവിലുള്ള വ്യവസ്ഥ കര്‍ശനമായി നടപ്പാക്കണമെന്ന സൂപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തില്‍ പോലീസ് നടപടികള്‍ സ്വീകരിക്കുന്നുണ്ടോ; എങ്കില്‍ വിശദവിവരം നല്‍കുമോ;

(ബി) പോലീസ് വകുപ്പിന്റെ വാഹനങ്ങളില്‍ സണ്‍ഫിലിം ഒട്ടിച്ചിരുന്നത് നീക്കം ചെയ്തു കഴിഞ്ഞോ;

(സി) സണ്‍ ഫിലിം നീക്കം ചെയ്തു കഴിഞ്ഞ പോലീസ് വകുപ്പിന്റെ വാഹനങ്ങളില്‍ കര്‍ട്ടന്‍ ഉപയോഗിച്ച് വീണ്ടും ഗ്ലാസ്സുകള്‍ക്ക് മറ തീര്‍ക്കാന്‍ ശ്രമം നടക്കുന്നതായ റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) വാഹനങ്ങളിലെ ഗ്ലാസ്സുകള്‍ക്ക് ഒരു വിധത്തിലുള്ള മറയും പാടില്ലെന്ന നിയമം നിലനില്‍ക്കുകയും ആ നിയമം നടപ്പാക്കണമെന്ന് സുപ്രീം കോടതി നിഷ്കര്‍ഷിക്കുകയും ചെയ്ത ശേഷവും നിയമപാലകര്‍ അതു ലംഘിക്കുന്നത് ഗൗരവപൂര്‍വ്വം വീക്ഷിച്ച് നിയമനുസൃത നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരന്‍,
തിരുവനന്തപുരം സെക്രട്ടറി - ഇന്‍ - ചാര്‍ജ്
2012 ജൂണ്‍ 9.